**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3104** **19/06/2018-ൽ മറുപടിയ്ക്ക്**

# കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാണോ; കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലാഭത്തിലാണോ; കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി വിശദീകരിക്കാമോ; | (എ) കൃഷി വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ നിലവിൽ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഹോർട്ടികോർപ്പ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനം ലാഭത്തിലല്ല. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല.<br><br>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2006-2007 സാമ്പത്തിക വർഷം മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2017-18-ലെ സാമ്പത്തികസ്ഥിതി താഴെ കൊടുക്കുന്നു.<br>വിറ്റുവരവ് - 7191.92 ലക്ഷം<br>ലാഭം - 30.85 ലക്ഷം<br>സഞ്ചിത നഷ്ടം - 1130.95 ലക്ഷം |

(contd......)

(ബി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ സാമ്പത്തിക സഹായം നൽകാൻ നേരത്തേ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ അനുവദിച്ച 1 കോടി രൂപ കിഴിച്ച് ബാക്കി തുക നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 10/08/2017-ലെ G.O.(Ms)No.101/2017/AD പ്രകാരം ഒരു കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. നിലവിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ മാനേജ്മെന്റ് തലത്തിലുള്ള ജീവനക്കാരുടെ നിയമനരീതി, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ വിശദീകരിക്കാമോ; മാനേജർ (പി. ആന്റ് എ.) തസ്തികയിലേക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മാനേജ്മെന്റ് തലത്തിലുള്ള തസ്തികകളിലെ നിയമന രീതിയും യോഗ്യതാ മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1) | എൻഫോഴ്സ്മെന്റ് ഓഫീസർ<br><br>യോഗ്യത | 1 | സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂൾഡ് ട്രൈബ്.<br><br>1. ആർട്സ്/ സയൻസ്/ കോമേഴ്സ് വിഷയങ്ങളിൽ ബിരുദം.<br>2. നിയമ ബിരുദം. |
| 2) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ<br><br>യോഗ്യത | 1 | 50% ഡയറക്ട് & 50% ബൈപ്രൊമോഷൻ.<br><br>മെക്കാനിക്കൽ/ അഗ്രികൾച്ചറൽ എഞ്ചിനീയറിഗ് ബിരുദം. ബിരുദാനന്തര ബിരുദം/ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ (മുൻഗണന). |
| 3) | ഡിവിഷൻ എഞ്ചിനീയർ<br><br>യോഗ്യത | 4 | 50% ഡയറക്ട് & 50% ബൈപ്രൊമോഷൻ.<br><br>മെക്കാനിക്കൽ/ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദവും, അഗ്രികൾച്ചറൽ ഓപ്പറേഷൻ/ പ്രോഡക്റ്റ് മാർക്കറ്റിംഗ് മുതലായ |

(contd......)

| | | | |
|---|---|---|---|
| | | | മേഖലകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ സമാന തസ്തികകളിൽ കുറഞ്ഞത് 7 വർഷത്തെ പ്രവൃത്തിപരിചയവും. |
| 4) | അസിസ്റ്റന്റ് എഞ്ചിനീയർ.<br><br>യോഗ്യത | 9 | പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി.<br><br>അംഗീകൃത സർവ്വകലാശാലയിൽ നിന്നും മെക്കാനിക്കൽ/ അഗ്രികൾച്ചറൽ ബിരുദം. |

മാനേജർ (പി&എ) എന്നുള്ള തസ്തികയ്ക്ക് കോർപ്പറേഷന്റെ സർവ്വീസ് റൂൾ പ്രകാരം സീനിയർ അസിസ്റ്റന്റ് തസ്തികയിൽ കുറഞ്ഞത് 2 വർഷം സർവ്വീസ് എന്നുള്ളതാണ് യോഗ്യതാ മാനദണ്ഡം.

സെക്ഷൻ ഓഫീസർ